**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 210** **08-08-2023 - ൽ മറുപടിയ്ക്ക്**

**ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണം തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീമതി കെ. കെ. രമ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ച വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജൻ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട സംഭവത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ ഹൗസ് സർജൻ ഡോ. വന്ദന ദാസ് കൊല്ലപ്പെട്ട സംഭവത്തിൽ ആരോഗ്യ വകുപ്പ് ഡിപ്പാർട്ട്മെന്റ് തല അന്വേഷണം നടത്തി സർക്കാരിലേക്ക് റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്ക് എതിരേയുള്ള ആക്രമണങ്ങൾ തടയാൻ ആരോഗ്യ വകുപ്പിന് കീഴിലുള്ള താലൂക്ക് & ജില്ലാ ആശുപത്രി, ജനറൽ ആശുപത്രി, സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികളിൽ അടിയന്തിര സെക്യൂരിറ്റി ഓഡിറ്റ് പോലീസ് വിഭാഗത്തിന്റെയും ജില്ലാ കലക്ടർമാരുടെയും സഹായത്തോടെ നടത്തി. എല്ലാ സ്ഥാപനങ്ങളിലും സി.സി.ടി.വി. അടക്കമുള്ള സെക്യൂരിറ്റി സൗകര്യങ്ങളും എക്സ്-സർവ്വീസുകാരുടെയും സെക്യൂരിറ്റി സർവീസും ഉറപ്പാക്കാനും നിർദ്ദേശം നൽകി. കേരളം ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യരക്ഷാ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള നാശവും തടയൽ) നിയമം ഭേദഗതി വരുത്തുന്നതിന് പുതിയ ഓർഡിനൻസ് പുറപ്പെടുവിച്ചു. കോഡ് ഗ്രേ പ്രോട്ടോകോൾ തയ്യാറാക്കുന്നതിന് ആരോഗ്യ വകുപ്പിലെയും പോലീസ് വകുപ്പിലെയും വിദഗ്ദരുടെ വർക്ക് ഷോപ്പ് നടത്തി തയ്യാറാക്കി ലഭ്യമാക്കിയ കരട് സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ തടയാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ആരോഗ്യ പ്രവർത്തകർക്ക് എതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിനായി 2023-ലെ കേരള ആരോഗ്യ രക്ഷാ സേവന പ്രവർത്തകരും ആരോഗ്യ സേവന സ്ഥാപനങ്ങളും (അക്രമവും സ്വത്തിനുള്ള |

നാശവും തടയൽ) ഭേദഗതി ഓർഡിനൻസ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള ആക്രമണങ്ങൾ തടയുന്നതിനായി മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

**1.** സ.ഉ.(സാധ) നം. **1252/2023/1H&FWD** തീയതി: **26.05.2023** പ്രകാരം, ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾ (പി.ജി) & ഹൌസ് സർജൻസ് (എച്ച്.എസ്) എന്നിവർ ഉന്നയിക്കുന്ന പ്രശ്നങ്ങൾ തിരിച്ചറിയുന്നതിനും പരിഹരിക്കുന്നതിനുമായി ഒരു വിദഗ്ധ സമതി രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച്, മറ്റ് കമ്മിറ്റി അംഗങ്ങളുമായി ചേർന്ന് ഡി.എം.ഇ ഒരു ഓൺലൈൻ മീറ്റിംഗ് വിളിക്കുകയും അവർ ഉന്നയിച്ച പ്രശ്നങ്ങൾ കമ്മിറ്റി അംഗങ്ങൾ രേഖപ്പെടുത്തുകയും അതനുസരിച്ച് ലഭ്യമാക്കിയ സമഗ്ര റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു.

**2. DME/2520/2023-B2** തീയതി: **18.05.2023** ലെ സർക്കുലർ പ്രകാരം, റസിഡൻഷ്യൽ പോസ്റ്റിംഗിന്റെ ഭാഗമായി ഇന്റേണുകളും ബിരുദാനന്തര ബിരുദധാരികളും നിയമികപ്പെടുന്ന എല്ലാ ആശുപത്രികളിലും സുരക്ഷാ ഓഡിറ്റ് നടത്താൻ ഡി.എം.ഇ യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തുകയും വീഴ്ചകൾ മറികടക്കുന്നതിനുള്ള പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഭാവിയിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടെങ്കിൽ കണ്ടെത്തുന്നതിന് ആനുകാലിക പരിശോധന നടത്തുവാനും തീരുമാനിച്ചു.

**3. DME/2520/2023-B2** തീയതി: **18.05.2023** ലെ സർക്കുലർ പ്രകാരം, വാർഡിലെ രോഗികൾക്ക് ഒരു ബൈസ്റ്റാൻഡറും കാഷ്വാലിറ്റിയിലെ രോഗികൾക്ക് രണ്ട് ബൈസ്റ്റാൻഡറും മാത്രമേ അനുവദിക്കൂ എന്ന് ഉറപ്പാക്കാൻ ഡി.എം.ഇയുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും. നിർദ്ദേശം നൽകി. എല്ലാ ആശുപത്രികളിലും ഇത് നടപ്പാക്കിയിട്ടുണ്ട്.

**4.** പോലീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന **SISF** ന്റെ സേവനം ആവശ്യമെങ്കിൽ ആശുപത്രികളിൽ ലഭ്യമാക്കുവാനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

**5. DME/2520/2023-B2** തീയതി: **18.05.2023** ലെ സർക്കുലർ പ്രകാരം മെഡിക്കൽ കോളേജ്

| | | | |
|---|---|---|---|
| | | | ആശുപത്രികളിലെ അത്യാഹിത വിഭാഗം മുതലായ പ്രധാന രോഗീപരിചരണ മേഖലകളിൽ അടിയന്തിര സാഹചര്യങ്ങളിൽ അലാറം സംവിധാനം സ്ഥാപിക്കാൻ ഡി.എം.ഇ യുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഡ്യൂട്ടിയിലുള്ള എല്ലാ ജീവനക്കാർക്കും അനിഷ്ട സംഭവങ്ങളിൽ ആദ്യം പ്രതികരിക്കുന്ന സെക്യൂരിറ്റിയുടെ ചുമതലയുള്ളവരെ ബന്ധപ്പെടുന്നതിന് ഒറ്റ ടെലിഫോൺ നമ്പർ ലഭ്യമാക്കുവാനും (കോഡ് ഗ്രേ പ്രോട്ടോക്കോൾ ഫലപ്രദമായി നടപ്പിലാക്കാൻ) ഇതനുസരിച്ച് മെഡിക്കൽ കോളേജുകളിൽ സുരക്ഷാ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും നടപ്പിലാക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.<br><br>വൈദ്യ പരിശോധനയ്ക്കോ/ മെഡിക്കോ ലീഗൽ പരിശോധനയ്ക്കോ ആളുകളെ/ പ്രതികളെ മജിസ്ട്രേറ്റിന് മുമ്പാകെയോ മെഡിക്കൽ പ്രാക്ടീഷണർ മുമ്പാകെയോ ഹാജരാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ/ മാർഗനിർദ്ദേശങ്ങൾ/ പ്രോട്ടോക്കോൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിഷയത്തിൽ സർക്കാർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ